ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അതു സംബന്ധിച്ച് ഒരു ചർച്ച 14.12.99-ന് വകുപ്പു സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. തുടർന്ന് ഇതു സംബന്ധിച്ച് 22.12.1999-ൽ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുടെ സീനിയർ ഉദ്യോഗസ്ഥന്മാരുമായി ലേബർ കമ്മീഷണർ വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. കൂടുതൽ നല്ല രീതിയിലുള്ള ആനുകൂല്യങ്ങൾ മറ്റു ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകാൻ കഴിയുമോയെന്ന് അറിയാൻ അവരുമായി ബന്ധപ്പെടുന്നുണ്ട്. ഇതു സംബന്ധിച്ച് അവസാന റിപ്പോർട്ട് പ്രസ്തുത അഷ്വറൻസ് കമ്പനികൾ താമസംവിനാ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

(20) കൊടുവള്ളി, മൊകയിൽ ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. സി. മമ്മുട്ടി : സർ, രൂക്ഷമായ കുടിവെള്ള പ്രശ്നം സംബന്ധിച്ച് പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. എന്റെ നിയോജകമണ്ഡലത്തിലെ കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഫീസിബിളല്ലെന്ന് കണ്ടപ്പോൾ 3 കോടി രൂപ ചെലവഴിച്ച് ആ പദ്ധതി ഫീസിബിളാക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ രണ്ടരവർഷം മുമ്പ് നൽകിയതാണ്. 40 എച്ച്.പി. മോട്ടോറടക്കമുള്ള കാര്യം അതിലുൾപ്പെടുന്നുണ്ട്. പക്ഷേ നാളിതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല. എന്നുമാത്രമല്ല, കഴിഞ്ഞ കാലത്തെ സർക്കാർ കൊണ്ടുവന്നിട്ടുള്ള മൂന്നുകോടി രൂപയുടെ പദ്ധതി ഇന്ന് തകർന്നുകിടക്കുകയാണ്. ഇന്നുവരെ ആ നിർദ്ദേശം നടപ്പാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ മുൻഗാമി ഉറപ്പുതന്നിട്ടുള്ള കാര്യമാണ്. അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ണികുളം പഞ്ചായത്തിൽ ഒരു കോടിയിൽപ്പരം രൂപ ചെലവഴിച്ച മൊകയിൽ ശുദ്ധജലവിതരണ പദ്ധതിയുണ്ട്. അത് ട്രയൽ റണ്ണിൽത്തന്നെ തകർന്നുതരിപ്പണമായി കിടക്കുകയാണ്. പൈപ്പ് പൊട്ടി, ഫിറ്റിംഗ്സും പൊട്ടി. അതുസംബന്ധിച്ച് അന്വേഷണം നടത്താമെന്ന് ഉറപ്പുനൽകിയിട്ട് ഇന്നുവരെ ഇതുസംബന്ധിച്ച് ഒരന്വേഷണം നടത്തിയിട്ടില്ല. ആരെ രക്ഷിക്കാനാണെന്ന് എനിക്ക് അറിയുകയില്ല. ഒന്നരവർഷക്കാലമായി ഈ കാര്യം അദ്ദേഹത്തോട് പറയുന്നു. ഇന്നുവരെ നടപ്പാക്കിയിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യത്തിലും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കൊടുവള്ളി-കിഴക്കോത്ത്-മടവൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ഇപ്പോൾ ശുദ്ധജലം വിതരണം നടത്തുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് ഉറവിടത്തിന്റെ അപര്യാപ്തതമൂലവും ശുദ്ധജലത്തിന്റെ കൂടുതൽ ഉപഭോഗംമൂലവും കിഴക്കോത്ത് പഞ്ചായത്തിനും മടവൂർ പഞ്ചായത്തിനും ഭാഗികമായി മാത്രമേ കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നുള്ളൂ. പൂന്നൂർപ്പുഴയിൽ നിലവിലുള്ള കിണർ ഉപയോഗപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ചെറുമല ടാങ്കിൽ ശുദ്ധജലം എത്തിച്ച് വിതരണം ചെയ്യുന്നതിന് 25 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ പരിശോധനയിലാണ്. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി 1999-2000-ൽ ഉൾപ്പെടുത്തി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂന്നൂർപ്പുഴയിൽ ഒരു കിണറും പമ്പിംഗ് ഹൗസും ഭൂവിതാനത്തിൽ ആറുലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ടാങ്കും ആറ് കിലോമീറ്റർ നീളത്തിൽ പമ്പിംഗ് മെയിൻ വിതരണ ശൃംഖലയും ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യുടെ പ്രവൃത്തി 1991-ൽ ആരംഭിച്ചു. 1997-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 171.2 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. ഇപ്പോൾ 12 പൊതു ടാപ്പുകളിൽക്കൂടി ജലവിതരണം നടന്നുവരുന്നു. പൈപ്പുലൈനിന്റെ ജോയിന്റിലുണ്ടായിക്കൊണ്ടിരിക്കുന്ന ലീക്കുകാരണം ഈ പദ്ധതി മുഴുവനായി കമ്മീഷൻ ചെയ്യാൻ കാലതാമസമുണ്ടാകുന്നു. ആ പൈപ്പും മാറ്റി രണ്ടു കിലോമീറ്റർ നീളത്തിൽ 20 എം.എം.എ.സി. പൈപ്പും മാറ്റി ജി.ഐ.പൈപ്പ് ഇടുന്നതിന് 34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതോടുകൂടി ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയും.

(21) കൊടകര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : സർ, കൊടകര നിയോജകമണ്ഡലത്തിൽപ്പെട്ട തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ടെൻഡർ ഇതുവരെ വിളിച്ചിട്ടില്ല. പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് ആറുവർഷം കഴിഞ്ഞു. സ്നേഹപുരം രണ്ടാംകൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് മൂന്നു വർഷം കഴിഞ്ഞു. നന്ദിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് രണ്ടുവർഷം കഴിഞ്ഞു. കോടിക്കണക്കിനു രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാത്തതുകൊണ്ട് അവിടത്തെ കർഷകർ നിരാശരാണ്. അവർ സമരരംഗത്തിറങ്ങാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ പദ്ധതികൾ ടെൻഡർ വിളിച്ച് പണി ആരംഭിക്കണമെന്നും മറ്റു മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്നു പദ്ധതികളും അടിയന്തിരമായി പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ ഇലക്ട്രിക്കൽ ജോലികൾ ഒഴികെയുള്ള എല്ലാ പണികൾക്കും ടെൻഡർ ചെയ്തിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ഈ സാമ്പത്തികവർഷംതന്നെ ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യുന്നതാണ്. ഇലക്ട്രിസിറ്റിയുടെ പ്രശ്നമാണ് ആകെയുള്ള തടസ്സം. ഇലക്ട്രിസിറ്റി കിട്ടിക്കഴിഞ്ഞാൽ ഉടനെ കമ്മിഷൻ ചെയ്യും. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരികയാണ്. എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകും. ഉടനെതന്നെ ടെൻഡർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(22) ഷൊർണ്ണൂരിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗ് ഓഫീസ്

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, തൃത്താല പട്ടാമ്പി നിയോജകമണ്ഡലങ്ങളിലെ ആയിരക്കണക്കിന് കൃഷിക്കാർ അനുഭവിക്കുന്ന ഗുരുതരമായ പ്രയാസങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഭാരതപ്പുഴയുടേയും തൂതപ്പുഴയുടേയും ഇരുകരകളിലുമായി നൂറുകണക്കിനു ചെറുതും

LIBRARY ARCHIVES Kerala Legislative Assembly